9 -ാം വർഷം

2026

ജൂലൈ 26, ഞായർ

കൈത്താ രണ്ടാം ഞായർ



*Laity Reflect on*

**Syro-Malabar Sunday Mass**

**SCRIPTURE READINGS**



അമ്മയുടെ സ്വന്തക്കാർ എന്റെ സ്വന്തമല്ല. അമ്മയുടെ ദൈവം എന്റെ ദൈവമല്ല - വിഭിന്ന ചിന്തകളാൽ വിരുദ്ധ ധ്രുവങ്ങളിലൂടെ സഞ്ചരിച്ച വരായിരുന്നു അമ്മയും മകളും. ആ യാത്രാവിവരണം മകൾ എഴുതി - 'മദർ മേരി കംസ് ടു മീ'. സ്വന്തം ബിറ്റർ എക്സ്പീരിയൻസിന്റെ ബെറ്റർ പതിപ്പാണ് അരുന്ധതി റോയിയുടെ പുസ്തകമെന്ന് വായനാലോകം വിലയിരുത്തുന്നു.

"അമ്മയുടെ ജനം എന്റെ ജനമാണ്. അമ്മയുടെ ദൈവം എന്റെ ദൈവ മാണ്". ഈ പ്രഖ്യാപനം നടത്തിയ വൾ ആ അമ്മയുടെ ഉദരത്തിൽ നിന്നും ജനിച്ചതല്ല. സംസ്കാരത്തി ന്റെയും, സാഹചര്യങ്ങളുടെയും വിരുദ്ധ ധ്രുവങ്ങളിൽ നിന്നും ബിറ്റർ എന്നു പറയാൻ മാത്രമുള്ള അനുഭവ

# ഫ്രം ബിറ്റർ ടു ബെറ്റർ



ഡോ. റോസ് ഫിലിപ്പ്

റൂത്ത് 1:16-18, പ്രഭാ 33:7-13, റോമാ 12:3-8, ലൂക്കാ 10:38-42

ങ്ങളാൽ ഒരുമിച്ചു ചേർന്നവർ. വിട്ടു പോകൂ എന്ന് അമ്മയായ നവോമി കരഞ്ഞപേക്ഷിച്ചപ്പോൾ , നല്ല ഭാഗം - അഥവാ 'ബെറ്റർ പാർട്ട്' - തെരഞ്ഞെടുത്ത് ധീരമായ പ്രഖ്യാപനം നടത്തിയ റൂത്ത് യേശുവിന്റെ വംശാവലിയുടെ ഭാഗമായി മാറി.

ഒരേ ഭവനത്തിൽ രണ്ടു സഹോദരികൾ. ഒരുവൾ വീട്ടുകാര്യസ്ഥ, പരാതി ഒഴിയുന്നില്ല. വ്യഗ്രതയും വ്യസനവും പ്രകടിപ്പിക്കുന്ന മർത്തായോട് ക്രിസ്തു പറയുന്നു. മറിയം നല്ല ഭാഗം - ബെറ്റർ പാർട്ട് തെരഞ്ഞെടുത്തു. നിന്റെ ബിറ്റർ അനുഭവങ്ങളെ ബെറ്റർ അവസ്ഥകളാക്കുന്നതിലേക്കുള്ള സാധ്യതകൾ കണ്ടെത്തണം എന്ന് മർത്തായെ കർത്താവ് പഠിപ്പിക്കുന്നു.

## ഒരേ സാഹചര്യം - വിരുദ്ധ പ്രതികരണങ്ങൾ

ഭൗതികസാഹചര്യങ്ങൾ ഓരോ വ്യക്തികളിലും വ്യത്യസ്ത മാനസിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന ഒരു ലൈഫ് സ്പെയിസ് ഓരോ വ്യക്തിയുടെയും പെരുമാറ്റത്തെ നിർണ്ണയിക്കുന്നു എന്ന സിദ്ധാന്തം കർട് ലെവിൻ അവതരിപ്പിച്ചിട്ടുണ്ട്. യേശുവിന്റെ സാന്നിദ്ധ്യത്താൽ ഒരു വീട്ടിൽ രണ്ടു സഹോദരിമാരിൽ വ്യത്യസ്തമായ ലൈഫ് സ്പെയിസ് ആണ് രൂപം കൊള്ളുന്നത്. ഒരുവൾ സന്തോഷത്തോടെ സ്വീകരിച്ച്, ശുശ്രൂഷിച്ച് ഡിസ്ട്രാക്റ്റഡ് ആകുന്നു. മറ്റൊരുവൾ അതേ സാഹചര്യത്തിൽ ഡിലൈറ്റഡ് ആകുന്നു. അതുകൊണ്ടാണ് യേശു കൃത്യമായി ഇടപെടുന്നത്. അസ്വസ്ഥതകളെ അകറ്റാൻ യോജ്യമായ തെരഞ്ഞെടുപ്പുകൾ നടത്തണമെന്ന് മർത്തയോട് സൂചിപ്പിക്കുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു ബെറ്റർ ലൈഫ് സ്പെയിസ് ഉണ്ടാക്കാൻ മർത്തായെ കർത്താവ് നയിക്കുകയായിരുന്നു.

## കൂട്ടലിന്റെ ദുഃഖം- കുറയ്ക്കലിന്റെ സുഖം

അഡീഷനും മൾട്ടിപ്ലിക്കേഷനുമാണ് ജീവിതവിജയത്തിന്റെ പ്രധാന ക്രിയകളായി നാം കാണുന്നത്. ഒന്നിൽ നിന്നും ഒരായിരത്തിലെത്താനുള്ള വ്യഗ്രതയാണ് നമ്മുടെ അധ്വാനങ്ങളെ പ്രചോദിപ്പിക്കുന്നത്. "ഒന്നു മാത്രമേ ആവശ്യമുള്ളൂ" (ലൂക്കാ 10:42 )എന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. ഒട്ടനവധി കാര്യങ്ങൾ കൂട്ടി കൂട്ടി നീ എവിടേക്കാണ് ഇത്ര തിടുക്കത്തിൽ? സ്വന്തമെന്നു കരുതിയിരുന്ന സർവ്വതും ഒരു നിമിഷം കൊണ്ട് ത്യജിച്ചാണ് റൂത്ത് നവോമിയുടെ കൂടെ അന്യദേശത്തേക്ക് യാത്രയാകുന്നത്. ഒന്നു മാത്രമേ ആവശ്യമുള്ളൂ എന്ന് റൂത്ത് തിരിച്ചറിഞ്ഞ് നല്ല ഭാഗം തെരഞ്ഞെടുത്തു. ബാക്കിയെല്ലാം ഉപേക്ഷിച്ചു. ഒട്ടനവധി ഉപേക്ഷിച്ചപ്പോൾ കിട്ടിയത് സമാധാനത്തിന്റെ സൗഭാഗ്യമായിരുന്നു. അതെ, ഒരേ ഒരു ഗോൾ മതി വിജയത്തിലേക്ക് എന്ന് ലോകം ഈയിടെ സാക്ഷ്യം വഹിച്ചത് കളിക്കളത്തിലാണല്ലോ! പാഠമെല്ലാം ഒന്നുതന്നെ. ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറ്റുള്ളവയെല്ലാം ആ പ്രധാന ഒന്നിലേക്കുള്ള യാത്രയിലെ ഇടത്താവളങ്ങളിലെ ക്ഷണികപ്രഭയ്ക്കുവേണ്ടിയാണ്.

## കഴിവുകൾ വിഭിന്നം - നിയോഗങ്ങൾ വ്യത്യസ്തം

മർത്താ ഒരു എക്സ്ട്രാവേർട്ട് ആണെന്നും, മറിയം ഒരു ഇൻട്രോവെർട്ട് ആണെന്നും തോന്നിപ്പോകും. നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും എന്നു യേശു പറഞ്ഞപ്പോൾ എത്ര പെട്ടെന്നാണ് അവളുടെ മറുപടി. 'എനിക്കറിയാം. അന്ത്യദിനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കും.' മറിയമാകട്ടെ നിശബ്ദയായി ഇരിക്കുന്നു. 'അത്യുന്നതന്റെ സൃഷ്ടികൾ പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നു.' (പ്രഭാ. 33:15 ). മർത്തായും മറിയവും പരസ്പര പൂരക വ്യക്തിത്വങ്ങളായിരുന്നു. അവർക്ക് ലഭിച്ച കൃപയും ദാനങ്ങളും വ്യത്യസ്തമായിരുന്നു. നിയോഗങ്ങളിലും വ്യത്യസ്തത ഉണ്ടായിരുന്നു. (പ്രഭാ 33:10, റോമാ 12:6 ) സൃഷ്ടികളിലെ വൈജാത്യത്തിന്റെ നിയോഗത്തെക്കുറിച്ച് ബോധ്യങ്ങളുണ്ടാകുമ്പോൾ വൈകല്യം എന്ന പദംപോലും അപ്രസക്തമാണ്. മർത്തായും മറിയവും വ്യത്യസ്തധർമ്മ നിർവ്വഹണത്തിന് വ്യത്യസ്തകൃപകൾ ലഭിച്ചവരായിരുന്നു. താരതമ്യപ്പെടുത്തലുകളല്ല, താദാത്മ്യപ്പെടലുകളാണ് അനുപൂരകത്വത്തിലെത്തിക്കുന്നത്.

## കുടുംബഭാരവാഹികൾ- മർത്താരൂപികൾ

സ്വന്തം പേര് അർഥപൂർണ്ണമാക്കിയവൾ ആയിരുന്നു മർത്താ. മർത്താ എന്നാൽ വീട്ടുകാരി. യേശുവിനെ വീട്ടിൽ സ്വീകരിച്ചു. ഭക്ഷണം ഒരുക്കി. വിളമ്പി. സഹോദരന്റെ മരണത്തിൽ ദുഖം, പരിഭവം അറിയിച്ചു. സർവ്വോപരി വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന ഏതു വീട്ടുകാരിയുടെയും ഒരു പര്യായമാണ് മർത്താ. അടുക്കളയെന്ന ഫുഡ് ഫാക്ടറിയിലെ ഏക തൊഴിലാളിയുടെ ജല്പനങ്ങൾ ആണ് മർത്താ അവതരിപ്പിച്ചത്. വീട് എന്ന മഹാലോകത്തെ സൃഷ്ടിക്കാൻ കഠിനാധ്വാനം ചെയ്യുന്ന ഏതു പുരുഷനിലും ഒരു മർത്താരൂപി ഉണ്ട്. ഈ വക ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ചില മർത്താകൾ ഉദയം ചെയ്താൽ മാത്രമാണ് വീടകം വാസയോഗ്യമാകുന്നത്. മർത്താമാരുടെ വ്യഗ്രതയും,

ഉത്ക്കണ്ഠയുമാണ് പലരുടെയും ശാന്തതയുടെയും സ്വസ്ഥതയുടെയും പോഷകമായി പരിണമിക്കുന്നത്.

## തനിച്ചെന്ന തോന്നൽ – തുണയ്ക്കായി അലച്ചിൽ

ശുശ്രൂഷാമേഖല ഏതാണെങ്കിലും, തനിച്ചാണെന്ന തോന്നൽ പലപ്പോഴു മുണ്ടാകാറുണ്ട്. 'എന്നെ സപ്പോർട്ട് ചേയ്യാൻ ആരുമില്ല' എന്നതാണ് സ്ഥിരം പരാതി. മർത്താ ഒട്ടും വിഭി ന്നയല്ല . "എന്റെ സഹോദരി എന്നെ തനിയെ വിട്ടിരിക്കുന്നത് നീ ശ്രദ്ധിക്കു ന്നില്ലേ? എന്നെ സഹായിക്കാൻ അവളോടു പറയുക." ( ലൂക്കാ 10:40). സഹായം ആഗ്രഹിക്കുന്ന ഇടത്തിൽനിന്നും കിട്ടാതെ വരുമ്പോൾ പരിഭവം വർദ്ധിക്കും. സഹോദരിയാണ് തനിച്ചാക്കിയിരിക്കു ന്നത് എന്ന മർത്തായുടെ പരാതി അടുത്ത പരിഭവത്തിലേക്ക് നീളുന്നു. "നീ ശ്രദ്ധിക്കുന്നില്ലേ?" നമ്മുടെ ദുരിതങ്ങൾ ആരും തിരിച്ചറിയുന്നില്ല ല്ലോ എന്ന നിരാശ ഏറ്റവും പ്രതിധ്വനിക്കുന്നത് വിടിനുള്ളിലാണ്. ആ നിരാശ തിളച്ചു തൂകുന്നത്, പുകഞ്ഞു പൊങ്ങുന്നത് അടുക്കളയി ലാണ്. എന്നെ സഹായിക്കാൻ അവളോട് പറയൂ എന്ന മർത്തായുടെ റികസ്റ്റിന്റെ വ്യത്യസ്ത പതിപ്പല്ലേ നമ്മുടെ പ്രാർഥനകൾ. എന്റെ സഹായം എവിടെ നിന്നു വരും എന്ന് അലഞ്ഞു തീരുന്ന ജീവിതങ്ങളോ ടാണ് കർത്താവ് പറയുന്നത്, 'പലതിനെക്കുറിച്ചും നീ അസ്വസ്ഥ യായിരിക്കുന്നല്ലോ.' തനിച്ചായ റൂത്ത് ഒറ്റപ്പെട്ട നവോമിയോട്, കൂടെ ഞാനുണ്ടാകും എന്നുറപ്പു നൽകി. വീടിനുള്ളിൽ, വീട്ടുകാരുടെ സഹായ പ്രതീക്ഷകളുള്ള ചില ഹൃദയങ്ങളു ണ്ടെന്ന് മർത്താ സൂചിപ്പിക്കുന്നു.



ഉയർത്തിക്കെട്ടിയ കയറുകളിലൂടെ നടന്നു നീങ്ങുന്ന കായികാഭ്യാസി തന്റെ 'സെന്റർ ഓഫ് മാസ്സ്'കൃത്യ മായി കയറിൽ ഉറപ്പിച്ച് അനിശ്ചിതാ വസ്ഥയെ സുരക്ഷിതമായി നേരി ടുന്നു. മർത്തായിൽ നിന്നും മറിയത്തി ലേക്കും, വീണ്ടും മർത്തായിലേക്കും ഓസിലേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ കേന്ദ്രം എവിടെ ഉറപ്പിക്കുന്നു എന്നത് സുപ്രധാനമാണ്. 'നല്ല ഭാഗം' അഥവാ 'ബെറ്റർ പാർട്ട്' കണ്ടെത്തി തെരഞ്ഞെടുത്താൽ, ബിറ്റർ ആയി ഒന്നും അനുഭവപ്പെടാത്ത സന്തുലിതാ വസ്ഥയിലേക്ക് നാം എത്തും. പാറ്റ എന്ന ബിറ്റർ രൂപത്തെ ബെറ്റർ ആവിഷ്ക്കാരമാക്കുന്നതെങ്ങനെയെന്ന് ജന്തർ മന്തർ ജനക്കടലായി സാക്ഷ്യം വഹി ക്കുമ്പോൾ മർത്താപക്ഷത്തിന്റെ ഐക്യദാർഢ്യമേകാം, മറിയ പക്ഷത്തിന്റെ പ്രാർഥനയും! അധി കാരികൾക്കു സുബോധമുണ്ടാകട്ടെ. നല്ല ഭാഗം കണ്ടെത്തട്ടെ....

*(മുൻ കോളജ് പ്രിൻസിപ്പലും പ്രഭാഷകയും ആണ് ലേഖിക)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com